(സി) സംസ്ഥാന സർക്കാരിന്റെ സഹായത്തോടെയുള്ള പെൻഷൻ പദ്ധതികൾ ഏതൊക്കെ; ഇവയിൽ ഓരോന്നിലും പെൻഷൻ തുകയിൽ സർക്കാർ വിഹിതം എത്ര വീതം;

(ഡി) ഏതെങ്കിലും ബോർഡുകളിൽ സർക്കാർ നൽകേണ്ട വിഹിതം കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എത്ര വീതം;

(ഇ) സംസ്ഥാന കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഉള്ള തൊഴിലാളികൾക്ക് ബോണസ് നൽകണമെന്ന ആവശ്യം പരിഗണനയിൽ ഉണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില തൊഴിലാളി ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട് പെൻഷൻ പദ്ധതികൾ നിലവിലുണ്ട്.

(ബി) ഉത്തരം അനുബന്ധം - 1 ൽ ചേർത്തിരിക്കുന്നു.†

(സി) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് വിരമിച്ച 11266 കശുവണ്ടി തൊഴിലാളികൾക്ക് 125 രൂപ വീതം പെൻഷൻ നൽകാൻ സർക്കാർ തുക അനുവദിക്കുന്നുണ്ട്.

കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 60 വയസ്സ് പൂർത്തിയായ പരമ്പരാഗത ചുരുട്ട് തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 100 രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 120 രൂപ പെൻഷൻ നൽകുന്നുണ്ട്.

(ഡി) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി പദ്ധതി പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്ക് 9/2003 മുതൽ 2/2005 വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിനായി 2,63,05,650 രൂപ സർക്കാർ നൽകേണ്ടതുണ്ട്. 2004-05 വർഷത്തിൽ ചുരുട്ട് തൊഴിലാളി പെൻഷൻ ഇനത്തിൽ 2,02,610 രൂപ സർക്കാർ വിഹിതം നൽകുവാനുണ്ട്.

(ഇ) പരിഗണനയിൽ ഇല്ല.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ

68 [2840] ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിവിധ ആനുകൂല്യങ്ങളായി ഓരോ ഇനത്തിലും എത്ര രൂപ വീതം കൊടുത്തു തീർക്കുവാനുണ്ട്;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ആനുകൂല്യങ്ങൾക്കായി ഒരോ ഇനത്തിലും എത്ര അപേക്ഷകർക്ക് ആനുകൂല്യം കൊടുത്തുതീർക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി അതിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര സഹായം, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് എന്നീ ആറ് ക്ഷേമാനുകൂല്യങ്ങളാണ് വിതരണം ചെയ്തുവരുന്നത്. ഇതിൽ അതിവർഷാനുകൂല്യവും, വിവാഹ ധനസഹായവും ഒഴികെ 31-1-2005-വരെ ബാക്കി ഇനങ്ങളിലായി ലഭിച്ച മുഴുവൻ അപേക്ഷകളിലും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അതിവർഷാനുകൂല്യം, വിവാഹധനസഹായം എന്നീ ഇനങ്ങളിലായി വിതരണം ചെയ്യാനുള്ള അപേക്ഷകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഇനം	അപേക്ഷകരുടെ എണ്ണം	തുക
അതിവർഷാനുകൂല്യം	104627	57,77,62,000
വിവാഹ ധനസഹായം	51449	10,28,98,000

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തിക

69 [2841] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ കീഴിൽ ഉള്ള ക്ഷേമനിധി ബോർഡുകളിൽ ദിവസക്കൂലി ഇനത്തിൽ പണിയെടുക്കുന്നവർ ഉണ്ടോ;

(ബി) എങ്കിൽ ഓരോ ബോർഡിലും എത്ര പേർ വീതം; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്ഷേമനിധി ബോർഡുകളിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പി.എസ്.സി. ലിസ്റ്റ് ആയിട്ടുണ്ടോ; ഇല്ലെങ്കിൽ താമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിൽ ദിവസക്കൂലിക്കാർ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly